# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3693 15.05.2017 ൽ മറുപടിയ്ക്ക്**

## ദേശീയ നൈപുണ്യ വികസന പദ്ധതി

**ചോദ്യം**

ശ്രീ. പി.സി.ജോർജ്

**ഉത്തരം**

പ്രൊഫ സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടിയുള്ള ദേശീയനൈപുണ്യ വികസന പദ്ധതിക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കാമോ ; | (എ) | ദേശീയ നൈപുണ്യ വികസന പദ്ധതി പ്രകാരം വിവിധ കോഴ്സുകൾ സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ 2017-18 അദ്ധ്യയന വർഷം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ:ആർ.വി.ജി.മേനോനൻ ചെയർമാനായുള്ള ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | കേരളത്തിലെ എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 വി .എച്ച്. എസ്.ഇ വിദ്യാലയങ്ങളിലെ ഒമ്പതാം ക്ലാസിൽ 2017 - 18 അദ്ധ്യയന വർഷം തന്നെ ലെവൽ 1 ക്ലാസ്സുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| സി) | പദ്ധതി കേന്ദ്രം അംഗീകരിച്ച് നാലു വർഷക്കാലം പിന്നിട്ടിട്ടും പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിലോ, സർക്കാർ തലത്തിലോ ആലോചന നടന്നിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) | ദേശീയ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ടി നൈപുണ്യ പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ വിദ്യാഭ്യാസ രംഗത്തേയ്ക്ക് കേന്ദ്രം നൽകിവരുന്ന മുഴുവൻ വിഹിതവും റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട് , ദേശീയ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾക്ക് 2018 ഡിസംബറിന് ശേഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ഫണ്ടുകൾ കിട്ടാത്ത സാഹചര്യമുണ്ട്. |

സെക്ഷൻ ഓഫീസർ